**പതിമൂന്നാം കേരള നിയമസഭ**
**ഒൻപതാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നംപർ. 5738

05.07.2013 ൽ
മറുപടിക്ക്

# നെൽവയലുകളും തണ്ണീർത്തടങ്ങളും നികത്തുന്നവർക്കെതിരെ നടപടി

ചോദ്യം
ശ്രീ.ബാബു.എം.പാലിശ്ശേരി :

ഉത്തരം
ശ്രീ.അടൂർ പ്രകാശ്
(റവന്യൂവും കയറും വകുപ്പു മന്ത്രി)

| ചോദ്യം | ഉത്തരം |
|---|---|
| (എ) നിരോധനം നിലവിലുണ്ടായിരുന്നിട്ടും നെൽവയലുകളും തണ്ണീർത്തടങ്ങളും വൻതോതിൽ നികത്തുന്നുണ്ട് എന്നത് ഗൗരവപൂർവ്വം വിലയിരുത്തിയിട്ടുണ്ടോ ; | (എ) നെൽവയലുകളും തണ്ണീർത്തടങ്ങളും നികത്തുന്നത് ഗൗരവപൂർവ്വം വീക്ഷിച്ചു വരുന്നതും നിലവിലെ നിയമ പ്രകാരമുള്ള കർശന നടപടികൾ സ്വീകരിച്ചു വരുന്നതുമാണ്. |
| (ബി) ഈ സർക്കാർ അധികാരമേറ്റശേഷം അനുമതി കൂടാതെ നെൽവയലുകളും തണ്ണീർത്തടങ്ങളും നികത്തിയിട്ടുണ്ടോ എന്ന് പരിശോധിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ വില്ലേജ് ഓഫീസ് അടിസ്ഥാനത്തിൽ പരിശോധന നടത്തി ക്രമക്കേട് നടത്തിയവർക്കെതിരെ നടപടികൾ സ്വീകരിക്കുമോ ; വിശദാംശം വ്യക്തമാക്കാമോ ? | **(ബി)** ഈ സർക്കാർ അധികാരമേറ്റശേഷവും അതിനു മുമ്പും അനധികൃതമായി നെൽവയലുകളും തണ്ണീർത്തടങ്ങളും നികത്തുന്നുണ്ടോ എന്ന് അതാത് വില്ലേജ് ഓഫീസർമാരും കൃഷി ഓഫീസർമാരും പരിശോധിക്കാറുള്ളതും ആയതിനെക്കുറിച്ച് അറിവ് ലഭിക്കുമ്പോൾ തന്നെ ബന്ധപ്പെട്ട കക്ഷികൾക്ക് നിരോധന ഉത്തരവ് നൽകുകയും കുറ്റക്കാർക്കെതിരെ 2008 ലെ തണ്ണീർത്തട സംരക്ഷണ നിയമത്തിന്റെ വിവിധ വകുപ്പുകൾ പ്രകാരം കർശന നടപടികൾ സ്വീകരിച്ചു വരികയും ചെയ്യുന്നുണ്ട്. |

സെക്ഷൻ ഓഫീസർ